**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1096

05.03.2018 ൽ
മറുപടിയ്ക്ക്

## വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.സി. ജോർജ്** | | **ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി പതിച്ച നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ജില്ല തിരിച്ച് വിവരിക്കാമോ; | (എ) | ഈ സർക്കാർ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം നൽകിയ ഭൂമിയുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | 1977 ജനുവരി ഒന്നിന് മുമ്പ് കൈവശം വച്ച് അനുഭവിക്കുന്നവർക്ക് ഭൂമി പതിച്ച് നൽകാൻ കേന്ദ്ര വനം വകുപ്പ് അനുവാദം നൽകിയിട്ടും പട്ടയം നൽകാൻ താമസിക്കുന്നതിന്റെ കാരണങ്ങൾ വിവരിക്കാമോ; | (ബി) | അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | ലാന്റ് ട്രൈബ്യൂണലുകളിൽ പട്ടയം ലഭിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള കേസ്സ് ഫയലുകൾ എത്ര എണ്ണമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരളത്തിൽ 17 ലാന്റ് ട്രൈബ്യൂണലുകളും, 14 ദേവസ്വം ലാന്റ് ട്രൈബ്യൂണലുകളും പ്രവർത്തിച്ചുവരുന്നു. 31.01.2018 വരെയുള്ള കണക്കുകൾ പ്രകാരം തീർപ്പാക്കാൻ ബാക്കിയുള്ള കേസുകൾ ചുവടെ ചേർക്കുന്നു.<br>ലാന്റ് ട്രൈബ്യൂണലുകളിൽ : 105249<br>ദേവസ്വം ട്രൈബ്യൂണലുകളിൽ : 25985<br>ആകെ : 134234 |
| (ഡി) | നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തി ഈ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ലാന്റ് ട്രൈബ്യൂണൽ പട്ടയം ലഭ്യമാക്കുന്നതിനുള്ള നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിലേയ്ക്കായി 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 105 എ(1) വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് ആക്റ്റിലെ വ്യവസ്ഥകൾ |

നടപ്പിലാക്കുന്നതിനായി നിലവിലുള്ള റവന്യൂ ഇൻസ്പെക്ടറെ കൂടാതെ വില്ലേജ് ഓഫീസറെ കൂടി ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവാകുകയും, ആയത് ഗസറ്റ് വിജ്ഞാപനം നടത്തുന്നതിനായി സർക്കാർ പ്രസ്സിൽ നൽകിയിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ജില്ല | വിവരം |
| --- | --- |
| തിരുവനന്തപുരം | വനാവകാശ നിയമപ്രകാരം 4635 കൈവശരേഖ നൽകിയിട്ടുണ്ട്. |
| കൊല്ലം | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി പതിച്ച് നൽകിയിട്ടില്ല. |
| പത്തനംതിട്ട | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി പതിച്ച് നൽകിയിട്ടില്ല. |
| ആലപ്പുഴ | ബാധകമല്ല. |
| കോട്ടയം | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി പതിച്ച് നൽകിയിട്ടില്ല. |
| ഇടുക്കി | 20 വനാവകാശ രേഖ നൽകിയിട്ടുണ്ട്. |
| എറണാകുളം | ഇല്ല. |
| തൃശ്ശൂർ | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി പതിച്ച് നൽകിയിട്ടില്ല. |
| പാലക്കാട് | 32 പേർക്ക് 20.8877 ഹെക്ടർ വനഭൂമിയ്ക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. |
| മലപ്പുറം | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി പതിച്ച് നൽകിയിട്ടില്ല. |
| കോഴിക്കോട് | |
| വയനാട് | |
| കണ്ണൂർ | |
| കാസർഗോഡ് | വെള്ളരിക്കുണ്ട് താലൂക്കിലെ പനത്തടി ചാമുണ്ഡിക്കുന്നിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച പ്രോജക്റ്റ് പ്രകാരം ട്രൈബൽ റീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി പനത്തടി വില്ലേജിൽ വനം വകുപ്പിൽ നിന്നും ലഭ്യമായ 91.98 ഏക്കർ സ്ഥലത്ത് ടി താലൂക്ക് പരിധിയിൽ വരുന്ന ഭൂരഹിതരായ 150 ആദിവാസി കുടുംബങ്ങൾക്ക് 50 സെന്റ് വീതം ഭൂമിയ്ക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. |

## അനുബന്ധം II

| ജില്ല | വിവരം |
|---|---|
| തിരുവനന്തപുരം | 01.01.1977 ന് മുൻപുള്ള വനഭൂമി കൈയ്യേറ്റങ്ങൾ ക്രമവൽക്കരിച്ച് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭിച്ച ഭൂമി തിരുവനന്തപുരം ജില്ലയിൽ ഇല്ല. |
| കൊല്ലം | 01.01.1977 ന് മുൻപുള്ള വനഭൂമി കൈയ്യേറ്റങ്ങൾ ക്രമവൽക്കരിച്ച് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി എല്ലാ കേസുകളിലും പട്ടയം നൽകിയിട്ടുണ്ട്. |
| പത്തനംതിട്ട | ഇത്തരം കേസുകൾ നിലവിലില്ല. |
| ആലപ്പുഴ | ബാധകമല്ല. |
| കോട്ടയം | 01.01.1977 ന് മുൻപുള്ള വനഭൂമി കൈയ്യേറ്റങ്ങൾ ക്രമവൽക്കരിച്ച് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭിച്ച ഭൂമി ഇല്ല. |
| ഇടുക്കി | 01.01.1977 ന് മുൻപ് കുടിയേറി കൈവശം വച്ചുവരുന്ന അർഹരായവർക്ക് കേരള ഭൂമി പതിവ് പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം പട്ടയ നടപടികൾ സ്വീകരിച്ച് വരുന്നു. 17.02.2018 ൽ ഇടുക്കി ജില്ലയിൽ നടന്ന പട്ടയമേളയിൽ പ്രസ്തുത ചട്ടപ്രകാരം 2952 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. |
| എറണാകുളം | റവന്യൂ രേഖകളിൽ ട്രൈബൽ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് കൊണ്ടും, അതിർത്തി തർക്കം, അവകാശ തർക്കം, പതിവ് ഉത്തരവ് നൽകിയിട്ടും തുക അടക്കാത്തത്, കോടതി കേസുകൾ എന്നീ കാരണങ്ങളാലും, വസ്തു പതിച്ചു നൽകിയപ്പോൾ റോഡിന് വേണ്ടി ഒഴിവാക്കിയത്, പാറയായി കണ്ടതിനാൽ പതിച്ചു നൽകാൻ കഴിയാത്തത് എന്നീ കാരണങ്ങളാലാണ് ഭൂമി പതിച്ചു നൽകാൻ കഴിയാതിരുന്നത്. |
| തൃശ്ശൂർ | 1977 ന് മുൻപ് വനഭൂമി കൈവശം വച്ചുവരുന്നവരിൽ കേന്ദ്രാനുമതി ലഭിച്ച 2726.3877 ഹെക്ടർ ഭൂമിയിൽ നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ച 5460 പേരിൽ 28.02.2018 വരെ 4048 കേസുകളിൽ പട്ടയം വിതരണം ചെയ്തിട്ടുള്ളതും, 1412 കേസുകളിൽ പട്ടയം നൽകാൻ ബാക്കിയുള്ളതുമാണ്. പട്ടയം നൽകാൻ അവശേഷിക്കുന്ന കേസുകളിൽ സംയുക്ത പരിശോധനാ റിപ്പോർട്ട് ഇല്ലാത്തവ, മരവില നിശ്ചയിച്ച് കിട്ടാനുള്ളതും, ആവശ്യമായ രേഖകൾ ഹാജരാക്കാത്തതുമായ 782 കേസുകൾ, USRF/RF/NRF തരത്തിൽപ്പെടുന്ന 179 കേസുകൾ, സർവ്വേ നമ്പർ വ്യത്യാസമുള്ള കേസുകൾ 60 എന്നിങ്ങനെയാണ് ഉൾപ്പെട്ടുവരുന്നത്. |
| പാലക്കാട് | 01.01.1977 ന് മുൻപുള്ള വനഭൂമി കൈയ്യേറ്റങ്ങൾ |

| | |
|---|---|
| മലപ്പുറം | ക്രമവൽക്കരിച്ച് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭിച്ച ഭൂമി ഇല്ല. |
| കോഴിക്കോട് | |
| വയനാട് | |
| കണ്ണൂർ | |
| കാസർഗോഡ് | |